*ഇടവകപത്രിക 1902 തുലാം ലക്കത്തിൽ നിന്ന്*

# പരുമല തിരുമേനിയുടെ അന്ത്യദിവസങ്ങൾ

കൊച്ചു മെത്രാച്ചൻ എന്നുള്ള സാധാരണ പേരിൻ പ്രകാരം വിളിക്കപ്പെട്ടിരുന്ന ഈ വന്ദ്യപിതാവ് എല്ലാവരെക്കാൾ വലിയ മെത്രാച്ചൻ എന്ന പദവിക്ക് അർഹനായതുപോലെ ഈ മാസം 20–ാംതീയതി ഞായറാഴ്ച അസ്തമിച്ചു. അർദ്ധരാത്രി കഴിഞ്ഞ് ഇഹലോകവാസം വെടിഞ്ഞു കർത്താവിൽ നിദ്ര പ്രാപിച്ചിരിക്കുന്നു എന്നുള്ള ഏറ്റവും വ്യസനകരമായ വാർത്തയെ എഴുതുവാൻ ഞങ്ങൾക്കു മനഃശക്തിയും കൈക്കോട്ടവും ഇല്ലെന്ന് ആദ്യമേ പ്രസ്താവിച്ചുകൊള്ളുന്നു. മരണ ഹേതുവായ രോഗങ്ങളെക്കുറിച്ചു പത്രം മുഖേനയും അല്ലാതെയും വായനക്കാർ അപ്പോഴപ്പോൾ അറിഞ്ഞുകൊണ്ടിരുന്നതിനാൽ വിസ്താരമായി ഒന്നു പറയേണ്ട ആവശ്യകത നേരിടുന്നില്ല. മുമ്പേതന്നെ ഇദ്ദേഹം അർശസ് രോഗിയാണ്. സഭയാൽ വ്യവസ്ഥപ്പെടുത്തിയിട്ടുള്ള എല്ലാ ഉപവാസങ്ങളും ഓരോ സംഗതി പ്രമാണിച്ച് വിശേഷാൽ ഉപവാസങ്ങളും നിർവിഘ്നം അനുഷ്ഠിച്ചുകൊണ്ടിരുന്ന ആളായിരുന്നതിനാൽ കായബലം പണ്ടേതന്നെ ഇല്ലായിരുന്നു. ആ സ്ഥിതിയ്ക്ക് അർശസിന്റെ ഉപദ്രവം നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരുന്നു.

പോയ കന്നിമാസാദ്യം ഉണ്ടായ സാമാന്യമല്ലാത്ത ഈ വക ഉപദ്രവത്തിന്റെ ശമനത്തിനുവേണ്ടി പ്രത്യേക ഔഷധം സേവിച്ചു വയറിളക്കിയതിന്റെ ശേഷം കഠിനമായ ചില സംഭ്രമങ്ങളും വേദനകളും ആരംഭിച്ചത് നിർത്താൻ വേണ്ടി ചില തൽക്കാല ഔഷധങ്ങൾ സേവിച്ചതിനാൽ യാതൊരു പ്രയോജനവും കാണായ്കയാൽ അപ്പോത്തിക്കരിയെ വരുത്തി മുറയ്ക്കുതന്നെ ചികിത്സ നടത്തിയിട്ടും രോഗം നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടിരുന്നു. ഇടയ്ക്കു ചില സുഖലക്ഷണങ്ങൾ കാണുകയും രോഗശമനത്തിനായി സർവ്വഥാ ആഗ്രഹിച്ചും പ്രാർഥിച്ചും കൊണ്ടിരുന്ന ആളുകൾ ഇവയെ ശുഭലക്ഷണങ്ങളായി എടുക്കുകയും ചെയ്തതിനാൽ സുഖം എന്നുള്ള ശബ്ദം അധികമായി പ്രസ്താവിച്ചുകൊണ്ടിരുന്നു. ഇംഗ്ലീഷ് വൈദ്യത്തിലും നാട്ടുവൈദ്യത്തിലും പ്രസിദ്ധന്മാരായ വൈദ്യന്മാരുടെ സകല പരിശ്രമങ്ങളും നിഷ്ഫലമായി എന്നു മാത്രം പറഞ്ഞാൽ മതിയാകും. വാസ്തവത്തിൽ രോഗലക്ഷണങ്ങൾ എല്ലാം ഒന്നിനൊന്ന് കുറയുകയായിരുന്നു എന്നായിരുന്നു വൈദ്യന്മാർക്കും ഉണ്ടായിരുന്ന അഭിപ്രായം. പരിഹരിക്കാൻ

SyrianChurch.org

പാടില്ലാതെ നിന്നതു ക്ഷീണമായിരുന്നു. ഇതിനെ അൽപമായി ചെല്ലുന്ന ഭോജനസാധനങ്ങളെ ദഹിപ്പിക്കുവാൻ ശക്തിയും ഇല്ലാതെപോയി.

ലഘുവായ ഒരു രോഗം പിടിപെട്ടാൽപോലും ഉടൻതന്നെ ലോകസംബന്ധമായ സകലവിചാരങ്ങളും ഒഴിച്ചു മരണത്തിനായി ഒരുങ്ങുന്നത് ഇദ്ദേഹത്തിന്റെ ഒരു സഹജമായ സമ്പ്രദായമായിരുന്നു. ഈ പ്രാവശ്യമോ രോഗം കഠിനവും മരണത്തിലേക്കുള്ളതുമാണെന്ന് ആദ്യമേ തന്നെ താൻ നിശ്ചയിക്കുകയും തന്നെ പ്രതി ആരും ബുദ്ധിമുട്ടുകയും മുഷിയുകയും ചെയ്യേണ്ട എന്നു വിരോധിക്കുകയും ചെയ്തു കൊണ്ടിരുന്നു. എങ്കിലും അദ്ദേഹത്തിന്റെ രോഗം സുഖപ്പെട്ടു കാണുവാൻ ആഗ്രഹിച്ചിരുന്ന ജനങ്ങൾ അതിനു വഴിപ്പെടുകയില്ലെന്നു പറയേണ്ടതില്ലല്ലോ. രോഗാരംഭത്തിൽ തന്നെ അന്ത്യകൂദാശ കഴിക്കപ്പെടുകയും മരണദിവസം കാലത്ത് അദ്ദേഹത്തിന്റെ അപേക്ഷപ്രകാരം കന്തീലാ എന്ന പ്രധാന അന്ത്യശുശ്രൂഷ നടത്തപ്പെടുകയും ശുദ്ധമാന കുർബാന കൈകൊൾകയും ചെയ്തു. മരണത്തിന് അൽപം മുമ്പുവരെ നല്ല ബോധം ഉണ്ടായിരുന്നു. തന്റെ മരണത്തെക്കുറിച്ചു മുന്നറിവോ വെളിപാടോ ഉണ്ടായിരുന്നു എന്നു തോന്നുമാറ് 18–ാം തീയതി അടുത്തു നിന്നവരോട് ഇന്ന് എത്രാം തീയതിയാണെന്ന് ചോദിക്കുകയും 18–ാം തീയതി എന്നു മറുപടികേട്ടശേഷം കർത്താവേ ഇനി രണ്ടു ദിവസം കൂടെ ഈ കഷ്ടത ഞാൻ സഹിക്കണമല്ലോ എന്നു പറഞ്ഞു കൊണ്ട് തനിക്കുവേണ്ടിയും സഭയ്ക്കു വേണ്ടിയും തന്നെ ശുശ്രൂഷിക്കുകയും മറ്റും ചെയ്യുന്നവർക്കുവേണ്ടിയും എരിവോടുകൂടി ഒരു പ്രാർഥന കഴിക്കുകയുണ്ടായി. അതിനാൽ തന്റെ മരണം 20–ാംതീയതി സംഭവിക്കുമെന്ന് എന്തോ ഒരു മുൻ അറിവുണ്ടായിരുന്നതുപോലെ തോന്നുന്നു.

*(ഇടവകപത്രിക പുസ്തകം 11–1902 തെശ്രീൻക്ദിം (തുലാം) ലക്കം 10)*

*ബഹുമാനപ്പെട്ട മൂലയിൽ കുര്യാക്കോസ് കൊർഎപ്പിസ്കൊപ്പയുടെ ശേഖരത്തിൽ നിന്ന്*

SyrianChurch.org